# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

05.03.2018-ന് മറുപടിയ്ക്ക്

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം. 992**

## ചിറ്റൂർ മണ്ഡലത്തിലെ പൊതു വിദ്യാഭ്യാസ വികസനയജ്ഞം പദ്ധതി

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) പൊതുവിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(എ) പൊതുവിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജക മണ്ഡലത്തിലെ ചിറ്റൂർ ബോയ്സ് ഹയർസെക്കൻഡറി സ്കൂളിനെ കിഫ്ബി മുഖേനയുള്ള അഞ്ച് കോടിരൂപയുടെ സർക്കാർ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലും കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തോടെ വിക്ടോറിയ ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ ഭാഗമായി ചിറ്റൂർ നിയോജക മണ്ഡലത്തിലെ തത്തമംഗലം ഗവ.യു.പി.സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വികസന യജ്ഞം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെയും എട്ടുമുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രയോജനം ചിറ്റൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

| | |
|---|---|
| (ബി) ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ തത്തമംഗലം, നന്ദിയോട് ഗവണ്മെന്റ് ഹൈസ്കൂൾ , കൊഴിപ്പാറ ഗവണ്മെന്റ് ഹയർസെക്കൻഡറി സ്കൂൾ എന്നീ സ്കൂളുകൾ ഹൈടെക് ആക്കുന്ന കാര്യം പരിഗണിക്കുമോ ? | (ബി) ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ തത്ത്മംഗലം, നന്ദിയോട് ഗവ. ഹൈസ്കൂൾ, കൊഴിപ്പാറ ഗവ. ഹയർസെക്കൻഡറി സ്കൂൾ എന്നിവ ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതിയിൽ ഉൾപ്പെട്ടവയാണ്. ക്ലാസ്സുകൾ സജ്ജമാക്കിയ എല്ലാ സ്കൂളുകൾക്കും ഉപകരണ വിതരണം 2018– ജൂൺ ഒന്നിന് മുമ്പ് പൂർത്തിയാകത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ